പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2357 18.06.2014 - ൽ മറുപടിക്ക്

## നെടുങ്ങോലം താലൂക്കാശുപത്രിയിൽ നഴ്സിംഗ് സ്കൂൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ; | എ) നെടുങ്ങോലം താലൂക്കാശുപത്രിയിൽ നഴ്സിംഗ് സ്കൂൾ ആരംഭിക്കണമെന്ന ആവശ്യമുന്നയിച്ച് കൊല്ലം ജില്ലയിലെ പരവൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഫൈൻ ആർട്സ് സൊസൈറ്റി നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | ബി) പ്രസ്തുത അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ടും പ്രൊപ്പോസലും ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) പുതുതായി നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിലേക്ക് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ; | സി) പുതുതായി നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിലേക്ക് ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് താഴെ പറയുന്ന പ്രകാരം കുറഞ്ഞത് 100 കിടക്കകളുള്ള പാരന്റ് ഹോസ്പിറ്റൽ ആവശ്യമാണ്. |

| സ്പെഷ്യാലിറ്റി | കിടക്കകളുടെ എണ്ണം |
|---|---|
| മെഡിക്കൽ | 30 |
| സർജിക്കൽ | 30 |
| ഗൈനക്കോളജി | 30 |
| പീഡിയാട്രിക്സ് | 20 |
| ഓർത്തോ | 10 |

കൂടാതെ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ പരിശീലനം നൽകുന്നതിനായി മേജർ ഓപ്പറേഷൻ തീയറ്റർ, മൈനർ ഓപ്പറേഷൻ തീയറ്റർ, ദന്തൽ കണ്ണ്, ഇ.എൻ.ടി, ബേൺസ് & പ്ലാസ്റ്റിക്, നിയോനാറ്റോളജി വിത്ത് നെഴ്സിംഗ്, കമ്മ്യൂണിക്കബിൾ ഡിസീസസ് കമ്മ്യൂണിറ്റി ഹെൽത്ത് നെഴ്സിംഗ്, കാർഡിയോളജി, ഓങ്കോളജി,ന്യൂറോളജി/ന്യൂറോസർജറി, നെഫ്രോളജി, ഐ.സി.സി.യു, സൈക്യാട്രി എന്നീ വിഭാഗങ്ങളും പാരന്റ് ഹോസ്പിറ്റലിലോ 15-30 കിലോമീറ്റർ ചുറ്റളവിൽ 3 ഹോസ്പിറ്റലുകളിലോ ആവശ്യമാണ്.

ഡി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് മേഖലയിൽ എത്ര നഴ്സിംഗ് സ്കൂളുകൾ ആരംഭിച്ചുവെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ?

ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് മേഖലയിൽ നഴ്സിംഗ് സ്കൂളുകൾ ഒന്നും തന്നെ പുതിയതായി ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

4